കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- താനൂർ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. മുഹമ്മദ് ബഷീറും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 2140/14 നമ്പർ കേസ്സിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ (സാധാ) നം. 115/2017/തസ്വഭവ    തീയതി,തിരുവനന്തപുരം, 13.01.2017

---

പരാമർശം:- 1) O.A 2140/2014 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.02.2016 ലെ വിധിന്യായം.
2) സ.ഉ (പി) നം. 01/2014/ഉഭപവ. തീയതി 03.01.2014.
3) സ.ഉ (പി) നം. 21/2014/ഉഭപവ. തീയതി 19.07.2014.
4) സ.ഉ (സാധാ) നം. 49/2017/തസ്വഭവ. തീയതി 07.01.2017.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. മുഹമ്മദ് ബഷീറും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 2140/14 നമ്പർ അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 24.02.2016- ലെ ഉത്തരവിൽ, പഞ്ചായത്ത് വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിനായുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെയും എൽ.ഡി ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് നിയമനത്തിനായി പരിഗണിക്കാവുന്നതാണെന്നും ഇക്കാര്യത്തിൽ മൂന്ന് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3)-ലെ ഉത്തരവ് പ്രകാരം ടി സീനിയോറിറ്റി ലിസ്റ്റ് ജില്ലാതലത്തിലുള്ള എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടതെന്ന് സ്പഷ്ടീകരിക്കുകയുണ്ടായി.

അപേക്ഷകരുടെ ആവശ്യം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. അപേക്ഷകർ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരാണ്. പരാമർശം (2) ലെ ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് Kerala Last Grade Service Special Rules-ൽ ഉൾപ്പെട്ടവർക്കും, വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കുമാണ് (LD Clerk /LD Typist എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ളവർ) അർഹതയുള്ളത്. Kerala Last Grade Service Special Rules-ൽ ഉൾപ്പെട്ട 'Peon' തസ്തികയെ Kerala Panchayat Subordinate Service Special Rules-ൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർ ടി രണ്ട് Special

Rules-ലും ഉൾപ്പെട്ട് വന്നിട്ടില്ല. 06.01.1995-ലെ സ.ഉ(പി) നം. 01/1995/തസ്വഭവ പ്രകാരം പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർ പഞ്ചായത്ത് ജീവനക്കാരായിത്തന്നെ തുടരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ പരാമർശം (2) ലെ ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കാൻ കഴിയുന്നതല്ല.

ആയതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A 367/2015 കേസ്സിന്മേലുള്ള 20.07.2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പഞ്ചായത്ത് ഡയറക്ടർക്ക് 23.12.2014-ലെ കത്ത് പ്രകാരം സർക്കാർ നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ചുകൊണ്ടും പരാമർശം (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും, പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർ Kerala Last Grade Service Special Rules ലോ Kerala Panchayat Subordinate Service Special Rules ലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും പ്രസ്തുത ജീവനക്കാർ പഞ്ചായത്ത് ജീവനക്കാരായി തന്നെ തുടരുന്നതാണെന്ന് 06.01.1995-ലെ സ.ഉ (പി) നം. 01/1995/തസ്വഭവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ പരാമർശം (2), (3) പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിനുള്ള ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പരാമർശം (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികമാറ്റ നിയമനത്തിന് അപേക്ഷകരെയും പരിഗണിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 2140/2014 ന്മേലുള്ള 24.02.2016-ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
സെക്രട്ടറി, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം.
സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്, മലപ്പുറം.
ശ്രീ. മുഹമ്മദ് ബഷീർ, ഫുൾടൈം സ്വീപ്പർ, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം.
(താനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ശ്രീ. പുരുഷോത്തമൻ. റ്റി, ഫുൾടൈം സ്വീപ്പർ, കുറുവ ഗ്രാമപഞ്ചായത്ത്, മലപ്പുറം.
(കുറുവ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഫയൽ നം. 278/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ